(സി) ഏതെല്ലാം മന്ത്രിമാർ/ആഫീസ് ഏതെല്ലാം സ്ഥാപനങ്ങളുടെ ഏതെല്ലാം നമ്പരുകളിലുള്ള വാഹനങ്ങൾ താൽക്കാലികമായോ സ്ഥിരമായോ ഉപയോഗിച്ചു വരുന്നുണ്ട്; വിശദമാക്കാമോ ;

(ഡി) മന്ത്രി/ആഫീസിന്റെ ആവശ്യാർത്ഥം ഡ്രൈവർമാരുടെ സേവനം/വാഹനം വിട്ടുകൊടുത്തിട്ടുള്ള സ്ഥാപനങ്ങൾ ഏതെല്ലാമാണ് ; ഇവ ഏത് നിയമവ്യവസ്ഥയുടെ അടിസ്ഥാനത്തിലാണെന്ന് വെളിപ്പെടുത്താമോ ;

(ഇ) സർക്കാർ ജീവനക്കാർക്ക് മാതൃകയാകേണ്ടുന്ന മന്ത്രിമാരുടെ ആഫീസുകൾ നിയമവിരുദ്ധമായി വാഹനങ്ങൾ ഉപയോഗിക്കുന്നത് ശരിയാണോ ; ഇത്തരം ദുർവിനിയോഗങ്ങൾ കണ്ടെത്തി അവസാനിപ്പിക്കാമോ ?

ഉത്തരം

(എ) മന്ത്രിമാർക്കും അവരുടെ ആഫീസിനും വേണ്ടി സർക്കാർ അനുവദിച്ച വാഹനങ്ങളെ സംബന്ധിച്ച വിവരങ്ങൾ അനുബന്ധം 'എ' യിൽ ചേർക്കുന്നു*. മന്ത്രിമാർ ഔദ്യോഗിക പദവി ഏറ്റെടുക്കുന്ന മുറയ്ക്ക് ഓരോ കാർ വീതം നൽകുന്നതാണ് ടൂറിസം വകുപ്പിൽ പിന്തുടർന്നുവരുന്ന രീതി.

(ബി-ഇ) വിവരം ശേഖരിച്ച് മറുപടി നൽകുന്നതാണ്.

കേന്ദ്ര ബഡ്ജറ്റിലെ അവഗണന

16 (16) ശ്രീ. ബി. ഡി. ദേവസ്സി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി മറുപടി നൽകുമോ :

(എ) കേന്ദ്ര ബഡ്ജറ്റിനുശേഷം മുഖ്യമന്ത്രി കേന്ദ്രമന്ത്രിമാരെ നേരിൽ കണ്ട് ബജറ്റിൽ പരിഗണിക്കപ്പെടാതെപോയ കേരളത്തിന്റെ ആവശ്യങ്ങൾ ഉന്നയിക്കുകയുണ്ടായോ ; എങ്കിൽ വിശദമാക്കാമോ ;

(ബി) ഏതെല്ലാം കാര്യങ്ങളിൽ ഏതെല്ലാം മന്ത്രിമാരിൽ നിന്നും പുതിയ ഉറപ്പുകൾ ലഭിക്കുകയുണ്ടായി ; വിശദമാക്കാമോ ;

(സി) മുൻ ബഡ്ജറ്റുകളിൽ കേന്ദ്ര സർക്കാർ പ്രഖ്യാപിച്ച എന്തെല്ലാം പദ്ധതികളും പരിപാടികളും ഇപ്പോഴും നടപ്പാക്കാൻ ബാക്കി നിൽപ്പുണ്ടെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) കേന്ദ്ര ബഡ്ജറ്റിനുശേഷം 3-3-2015 നും 28-5-2015-നും മുഖ്യമന്ത്രി ഡൽഹി സന്ദർശിച്ച് പ്രധാനമന്ത്രി, കേന്ദ്ര മന്ത്രിമാരായ ശ്രീ. നിതിൻ ജയറാം ഗഡ്കരി, ശ്രീ. അരുൺ ജയ്റ്റ്ലി എന്നിവരെ സന്ദർശിച്ച് സംസ്ഥാനത്തിന്റെ വിവിധ ആവശ്യങ്ങൾ ഉന്നയിച്ചു. കൊല്ലം, അഴീക്കൽ ഗ്രാമുഖ പദ്ധതിക്കുവേണ്ട

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

സഹായം, മത്സ്യബന്ധന നിരോധനം 61 ദിവസത്തേത് 47 ദിവസമാക്കി ചുരുക്കുക, മത്സ്യത്തൊഴിലാളികളുടെ ഉന്നമനത്തിനായുള്ള സെൻടൽ ഗ്രാന്റ് 75 ശതമാനമായി പുനഃസ്ഥാപിക്കുക, മത്സ്യത്തൊഴിലാളികൾക്കായുള്ള മണ്ണെണ്ണയുടെ ലഭ്യത, റബ്ബർ കർഷകരുടെ പ്രശ്നങ്ങൾ തുടങ്ങിയവയാണ് കേന്ദ്രത്തോട് ഉന്നയിച്ച പ്രധാന ആവശ്യങ്ങൾ.

(ബി&സി) സംസ്ഥാനം ഉന്നയിച്ച എല്ലാ കാര്യങ്ങളിലും അനുഭാവപൂർണ്ണമായ സമീപനമാണ് കേന്ദ്രസർക്കാർ സ്വീകരിച്ചത്. സംസ്ഥാന ഗവൺമെന്റ് നിവേദനങ്ങളിലൂടെ ഉന്നയിച്ച വിവിധ ആവശ്യങ്ങൾ കേന്ദ്ര സർക്കാരിന്റെ സജീവ പരിഗണനയിലാണ്. ബഡ്ജറ്റുകളിൽ പ്രഖ്യാപിച്ച എല്ലാ പദ്ധതികളും പരിപാടികളും മുൻഗണനാ ക്രമത്തിൽ സമയബന്ധിതമായി തീർപ്പാക്കുമെന്ന് ഉറപ്പ് ലഭിച്ചിട്ടുണ്ട്.

കേന്ദ്ര ബഡ്ജറ്റിൽ സംസ്ഥാനത്തിന്റെ ആവശ്യങ്ങൾ

17 (17) ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി മറുപടി നൽകുമോ :

(എ) കേന്ദ്ര ബഡ്ജറ്റിൽ പരിഗണിക്കാനായി സംസ്ഥാനത്തിന്റെ എന്തെല്ലാം ആവശ്യങ്ങൾ മുന്നാട്ടുവയ്ക്കുകയുണ്ടായി ; ഇവയിൽ പരിഗണിക്കപ്പെട്ടവ ഏതെല്ലാം ; പരിഗണിക്കപ്പെടാതെ പോയവ ഏതെല്ലാം ; വ്യക്തമാക്കാമോ ;

(ബി) ബജറ്റ് അവതരണത്തിന് മുന്നോടിയായി മുഖ്യമന്ത്രി സംസ്ഥാനത്തിന്റെ പ്രമുഖമായ ആവശ്യങ്ങൾ നിവേദനത്തിലൂടെ സമർപ്പിക്കുകയുണ്ടായോ ; എങ്കിൽ നിവേദനത്തിന്റെ പകർപ്പ് ലഭ്യമാക്കാമോ ;

(സി) ആവശ്യങ്ങൾ നേടിയെടുക്കുന്നതിനായി ബഡ്ജറ്റിന് മുൻപ് മുഖ്യമന്ത്രി ആരെല്ലാമായി നേരിൽ കണ്ട് ചർച്ച നടത്തുകയുണ്ടായി, പ്രസ്തുത രംഗത്ത് സംസ്ഥാനത്ത് നിന്നുള്ള എം.പി.-മാരെ ഏകോപിപ്പിക്കുവാൻ ശ്രമിക്കുകയുണ്ടായോ ; വ്യക്തമാക്കാമോ ?

ഉത്തരം

(എ)&ബി) കേന്ദ്ര ബഡ്ജറ്റിൽ പരിഗണിക്കാനായി സമർപ്പിച്ച സംസ്ഥാനത്തിന്റെ നിരവധി ആവശ്യങ്ങളടങ്ങിയ നിവേദനം അനുബന്ധമായി ചേർക്കുന്നു. സംസ്ഥാന വിവിധ നിവേദനങ്ങളിലൂടെ ഉന്നയിച്ച എല്ലാ ആവശ്യങ്ങൾക്കും അനുഭാവപൂർവ്വമായ സമീപനമാണ് കേന്ദ്ര സർക്കാരിന്റെ ഭാഗത്തുനിന്നും ലഭ്യമായത്. ഈ നിവേദനത്തിൽ ആവശ്യപ്പെട്ടവയിൽ പാലക്കാട് കോച്ച് ഫാക്ടറി, വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന് VGF (Viability Gap Funding) തുടങ്ങിയവയ്ക്ക് അനുകൂലമായ പ്രതികരണം ലഭിച്ചിട്ടുണ്ട്. മറ്റാവശ്യങ്ങൾ കേന്ദ്ര സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

(സി) കേന്ദ്ര ബഡ്ജറ്റിന് മുന്നോടിയായി സംസ്ഥാനത്തുനിന്നുള്ള എം.പി.-മാരുടെ സമ്മേളനം 18-2-2015-ന് തിരുവനന്തപുരത്ത് കൂടുകയും പാർലമെന്റിൽ ഉന്നയിക്കേണ്ട സംസ്ഥാനത്തിന്റെ ആവശ്യങ്ങൾ എം.പി.-മാരുമായി ചർച്ച ചെയ്യുകയും എം.പി. മാരുടെ സഹകരണം ഉറപ്പുവരുത്തുകയും ചെയ്തു.